(ബി) രൂക്ഷമായ പ്രശ്നങ്ങൾ നേരിടുന്ന പ്രസ്തുത പ്രദേശങ്ങളിൽ കൽച്ചിറ കെട്ടുന്നത് സംബന്ധിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) കൽച്ചിറ കെട്ടുന്നതിന് പ്രസ്തുത മേഖലയിൽ ഇതുവരെ ഏതൊക്കെ പ്രവൃത്തികൾക്കായി എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) നടപ്പുവർഷം പ്രസ്തുത മേഖലയിൽ സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി)

മേഖല	അനുവദിച്ച തുക
വെളിയത്താൻ പറമ്പ്, നായരമ്പലം	13.00 ലക്ഷം
അണിയിൽ, എടവനക്കാട് (between CP stone 4060 & 4062)	11.20 ലക്ഷം
പഴങ്ങാട്, എടവനക്കാട്	7.49 ലക്ഷം
പുത്തൻ കടപ്പുറം, നായരമ്പലം	5.60 ലക്ഷം
എടവനക്കാട്, വൈപ്പിൻ ദ്വീപ് (15 ലക്ഷം രൂപ വീതമുള്ള രണ്ട് പ്രവൃത്തികൾ)	30.00 ലക്ഷം
അണിയിൻ എടവനക്കാട് (between CP stone 1129 & 1130)	15.00 ലക്ഷം

(ഡി) മേൽ പരാമർശിച്ചിരിക്കുന്ന എല്ലാ പ്രവൃത്തികളും പല പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും കോൺട്രാക്ടർമാർ ആരുംതന്നെ ഏറ്റെടുക്കാത്തത് കാരണം ടി പ്രവൃത്തികൾ ഒന്നുംതന്നെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഈ പ്രവൃത്തികൾ എല്ലാംതന്നെ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം

209 (898) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ നിന്നും പ്രസ്തുത വർഷം എത്രയുക ചെലവഴിച്ചിട്ടുണ്ടെന്നും, ഇപ്പോൾ പ്രസ്തുത പദ്ധതി നടപ്പാക്കുന്നുണ്ടോയെന്നും അറിയിക്കുമോ; പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ) ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ 13.18 കോടി രൂപ നീക്കിവച്ചിരുന്നു.

(ബി) ഇതിൽനിന്നും, 2012-13 വർഷത്തിൽ 34.42 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കേരളത്തിലെ പുഴകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഭാരതപ്പുഴയെ ഒരു പൈലറ്റ് പ്രോജക്ടായി തെരഞ്ഞെടുത്ത് അതിന്റെ സംരക്ഷണത്തിനും വികസനത്തിനുമായിട്ടുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1222 കോടി രൂപയുടെ വിശദമായ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ പുതിയ സാങ്കേതികവിദ്യയിൽ മന്നനൂരിൽ തടയണ നിർമ്മിക്കുന്നതിന് 489.44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി, പ്രസ്തുത തടയണ നിർമ്മാണം 'Kerala Irrigation Infrastructure Development Corporation'-നെ ഏൽപ്പിക്കുകയും ചെയ്തു. കൂടാതെ ഭാരതപ്പുഴ ബേസിനിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക്ഡാമുകളും റഗുലേറ്ററുകളും നിർമ്മിക്കുന്നതിനുള്ള പര്യവേഷണ ജോലികൾക്കും സർവ്വേ ചെയ്യുന്നതിനുമായി KIIDC സർക്കാരിൽ സമർപ്പിച്ച 4.70 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും ചെയ്തു. ഇതിനുപുറമെ തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല പഞ്ചായത്തിൽ ഐവർമഠത്തിൽ ബലി തർപ്പണകടവ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള 3.70 കോടി രൂപയുള്ള ശിപാർശ ഫണ്ടിന്റെ അപര്യാപ്തതമൂലം പരിഗണിക്കാൻ സാധിച്ചില്ല. പ്രസ്തുത പദ്ധതി അടുത്ത സാമ്പത്തിക വർഷം സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാരതപ്പുഴയുടെ സമഗ്രവികസനത്തിനായി CESS, CWRDM, ഇറിഗേഷൻ, റവന്യൂ മുതലായ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ഒരു basic plan തയ്യാറാക്കുന്നതിന് 29-4-2013-ൽ പ്ലാനിംഗ് ബോർഡ് ചെയർമാൻ വിളിച്ചുചേർത്ത മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി. എല്ലാ വകുപ്പുകളുടെയും പങ്കാളിത്തത്തോടുകൂടി ഭാരതപ്പുഴയ്ക്കുമാത്രമായി ഒരു സംരക്ഷണ പദ്ധതി ആസൂത്രണം ചെയ്യുന്നതിലേയ്ക്ക് Planning Board-ന്റെ മേൽനോട്ടത്തിൽ മീറ്റിംഗ് വിളിച്ചുകൂട്ടാനും പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ചാലിയാർ നദീതടത്തിന്റെ കരട് മാസ്റ്റർ പ്ലാൻ CWRDM തയ്യാറാക്കിയിട്ടുണ്ട്. ഷിറിയ നദീതടത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ ISW-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly